## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3801** **09-10-2025 - ൽ മറുപടിയ്ക്ക്**

## കേരളത്തിലെ സർവകലാശാലകൾ അംഗീകരിച്ച തമിഴ്നാട് സർവകലാശാലകളിലെ കോഴ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തമിഴ്നാട് സർക്കാരിന്റെ കീഴിൽ വരുന്ന സർവകലാശാലകളിലെ (റെഗുലർ / വിദൂരം) ഏതൊക്കെ കോഴ്സുകൾക്ക് (ബിരുദാനന്തര ബിരുദം/ ബിരുദം/പി.ജി. ഡിപ്ലോമ/ഡിപ്ലോമ/സർട്ടിഫിക്കറ്റ്/മറ്റ് കോഴ്സുകൾ) കേരളത്തിലെ സർവകലാശാലകൾ അംഗീകാരം നൽകിയിട്ടുണ്ടെന്ന് (റെഗുലർ / വിദൂരം) സർവകലാശാലയും കോഴ്സും വർഷവും തിരിച്ച് വിശദമാക്കുമോ; | (എ) | തമിഴ്നാട് സർക്കാരിന്റെ കീഴിൽ വരുന്നതുൾപ്പെടെയുള്ള സ്റ്റേറ്റ്/സെൻട്രൽ/ ഡീംഡ്/ പ്രൈവറ്റ് സർവ്വകലാശാലകളിലെ റെഗുലർ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് കേരളത്തിലെ സർവ്വകലാശാലകൾ അവരവരുടെ റെഗുലേഷന് വിധേയമായി റെക്കഗ്നിഷൻ അനുവദിച്ചു നൽകുന്നുണ്ട്.<br><br>എന്നാൽ സ്റ്റേറ്റ് / സെൻട്രൽ / ഡീംഡ് / പ്രൈവറ്റ് സർവകലാശാലകളിലെ വിദൂര വിദ്യാഭ്യാസ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് അതാത് അധ്യയന വർഷങ്ങളിൽ യുജിസി-ഡിസ്റ്റന്റ്സ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്നത് കൂടി പരിശോധിച്ചും കേരളത്തിലെ സർവ്വകലാശാലകളുടെ റെഗുലേഷനും വിധേയമായിട്ടുമാണ് റെക്കഗ്നിഷൻ അനുവദിച്ചു നൽകുന്നത്. |
| (ബി) | പ്രസ്തുത കോഴ്സുകൾക്ക് ഏത് തീയതി മുതലാണ് കേരളത്തിലെ സർവകലാശാലകൾ അംഗീകാരം നൽകിയിട്ടുള്ളതെന്ന് (റെഗുലർ/വിദൂരം) വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ബി) | റെക്കഗ്നിഷൻ അനുവദിച്ചു നൽകുന്നതിന് കോഴ്സും വർഷവും മാനദണ്ഡമായി കണക്കാക്കാറില്ല. പഠന പ്രോഗ്രാമുകളുടെ റെക്കഗ്നിഷൻ സംബന്ധിച്ച് സർവ്വകലാശാലകളുടെ റെഗുലേഷനുകളിലെ റെഗുലർ പ്രോഗ്രാമുകളുടെ / വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകളുടെ അംഗീകാരം സംബന്ധിച്ച ക്ലോസുകൾക്ക് വിധേയമായി, യു.ജി.സി. / ഡിസ്റ്റന്റ്സ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്നത് കൂടി പരിശോധിച്ചാണ് മറ്റു സർവകലാശാലകളുടെ പ്രോഗ്രാമുകൾക്ക് കേരളത്തിലെ സർവകലാശാലകൾ അംഗീകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ